**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5819** 27.10.2011 – **ൽ മറുപടിയ്ക്ക്**

**ബാങ്ക് അക്കൗണ്ടുകൾ വഴി സബ്സിഡി വിതരണം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ കർഷകർക്കുള്ള സബ്സിഡി തുക നേരിട്ട് ബാങ്ക് അക്കൗണ്ടുകളിൽ എത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) സബ്സിഡി തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല. എന്നാൽ 12-ാം പദ്ധതി മുതൽ കർഷകർക്കുള്ള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടുകൾ വഴി നൽകുന്നതിന് ആലോചനയുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇപ്രകാരം നേരിട്ട് ബാങ്കുകൾ വഴി സബ്സിഡി തുക വിതരണം ചെയ്യുമ്പോൾ ചെറുകിട നാമ മാത്ര കർഷകർക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന് കരുതുന്നുണ്ടോ; | (ബി) ബാങ്ക് അക്കൗണ്ട് വഴി നൽകുമ്പോൾ ചെറുകിട കർഷകർക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന് കരുതുന്നില്ല. |
| (സി) നിലവിൽ സബ്സിഡി വിതരണം നടത്തുന്നതിന്റെ നടപടിക്രമം വ്യക്തമാക്കാമോ? | (സി) നിലവിൽ വിവിധ പദ്ധതികൾക്ക് അനുവദിക്കുന്ന സബ്സിഡി തുക കർഷകർക്ക് നേരിട്ട് പണമായി വിതരണം ചെയ്യുവരുന്നു. കൂടാതെ ഉൽപാദനോപാധികൾ സബ്സിഡി നിരക്കിൽ കർഷകർക്ക് പെർമിറ്റടിസ്ഥാനത്തിൽ നൽകുമ്പോൾ സബ്സിഡി തുക നേരിട്ട് വിതരണ ഏജൻസികൾക്കാണ് നൽകിവരുന്നത്.<br><br>ബാങ്ക് വായ്പയോടുകൂടി നടപ്പിലാക്കുന്ന ബയോഗ്യാസ് തുടങ്ങിയ പദ്ധതികൾക്ക് അനുവദിക്കുന്ന സബ്സിഡി തുക കർഷകരുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുകയാണ് ചെയ്യുവരുന്നത്. |

**സെക്ഷൻ ഓഫീസർ**